"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കായിക യുവജനകാര്യ വകുപ്പ് - 2024 പാരിസ് ഒളിമ്പിക്സിൽ വെങ്കല മേഡൽ നേടിയ ഇന്ത്യൻ ഹോക്കി ടീമിന്റെ ഗോൾ കീപ്പർ ശ്രീ പി.ആർ.ശ്രീജേഷിനെയും മറ്റ് അഞ്ച് കായിക താരങ്ങളേയും ആദരിക്കുന്നതിനുള്ള ചടങ്ങ് നടത്തിപ്പിന് പുതുക്കിയ ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കായിക യുവജനകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.27/2025/S&YA തീയതി,തിരുവനന്തപുരം, 21-01-2025

---

പരാമർശം:- 1. സ.ഉ.(സാധാ) നം.254/2024/S&YA തീയതി 28.10.2024

2. 20.12.2024 ലെ കായിക യുവജനകാര്യാലയം E9-5582/24/DSYA നമ്പർ കത്ത്

**ഉത്തരവ്**

2024 പാരിസ് ഒളിമ്പിക്സിൽ വെങ്കലമെഡൽ നേടിയ ഇന്ത്യൻ ഹോക്കി ടീമിന്റെ ഗോൾ കീപ്പർ ശ്രീ പി.ആർ. ശ്രീജേഷിനെയും മറ്റ് അഞ്ച് കായിക താരങ്ങളേയും ആദരിക്കുന്നതിനുള്ള ചടങ്ങ് സംഘടിപ്പിച്ചിരുന്നു. പ്രസ്തുത ആവശ്യത്തിലേക്ക് പരാമർശ (1) പ്രകാരം 3,60,050 രൂപ ഭരണാനുമതി നല്കുകയുണ്ടായി. എന്നാൽ പ്രസ്തുത അനുമോദനപരിപാടിയുടെ നടത്തിപ്പിന് 4,98,889/- രൂപ ചെലവ് വന്നിട്ടുണ്ടെന്ന്, വിശദവിവരം സഹിതം കായികയുവജനകാര്യാലയം ഡയറക്ടർ പരാമർശം (2) പ്രകാരം അറിയിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനതിൽ 2024 പാരിസ് ഒളിമ്പിക്സിൽ വെങ്കലമെഡൽ നേടിയ ഇന്ത്യൻ ഹോക്കി ടീമിന്റെ ഗോൾ കീപ്പർ ശ്രീ പി.ആർ. ശ്രീജേഷിനെയും മറ്റ് അഞ്ച് കായിക താരങ്ങളേയും ആദരിക്കുന്നതിനുള്ള ചടങ്ങിന്റെ ആവശ്യത്തിലേക്കായ് 2204-00-104-59 (സ്പെഷ്യൽ പ്രോജക്ട്) എന്ന ശീർഷകത്തിൽ നിന്നും 4,98,889/- രൂപ (നാല് ലക്ഷത്തി തൊണ്ണൂറ്റി എട്ടായിരത്തി എണ്ണൂറ്റി എൺപത്തി ഒമ്പത് രൂപ മാത്രം)-യുള്ള ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PRASANTHA V K

ഡെപ്യൂട്ടി സെക്രട്ടറി

To,

1. ഡയറക്ടർ, കായിക യുവജനകാര്യാലയം, തിരുവനന്തപുരം
2. സെക്രട്ടറി, കേരള സ്പോർട്സ് കൗൺസിൽ, തിരുവനന്തപുരം
3. ധനകാര്യ (എഡ്യൂക്കേഷൻ - ബി) വകുപ്പ്
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് എ) കേരള, തിരുവനന്തപുരം
5. വെബ് & ന്യൂ മീഡിയ, വിവര - പൊതുജന സമ്പർക്ക വകുപ്പ്
6. കരുതൽ ഫയൽ / ഓഫീസ് കോപ്പി. (E 2946761. SYA-A3/282/2024-SYA)

ഉത്തരവിൻ പ്രകാരം

Signed by
Rajee R Pillai
Date: 21-01-2025 15:37:07

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. കായിക വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

കായിക യുവജനകാര്യ വകുപ്പ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

കായിക യുവജനകാര്യ വകുപ്പ ജോയിന്റ് സെക്രട്ടറിയുടെ സി.എ.യ്ക്ക്

കായിക യുവജനകാര്യ ഡെപ്യൂട്ടി സെക്രട്ടറിയുടെ സി.എ.യ്ക്ക്